


# മാറ്റൊലി

എഡിറ്റർ : അനുമോൾ . കെ . എൻ

സ്റ്റുഡന്റ് എഡിറ്റർ : അമ്മു വിജി

ചിത്രങ്ങൾ : മിഥുൻ മനോജ്, അലൻ . പി ഡൊമിനിക്

പ്രകാശനം : 2019 ജനുവരി 19



സി.ലിസ്സി ഇഗ്നേഷ്യസ്
ഹെഡ്മിസ്ട്രസ്

ഒരു കൗമാര കാലഘട്ടത്തിന്റെ പ്രതീക്ഷകളും, സ്വപ്നങ്ങളുമായി കടന്നുവരുന്ന മേരി ഇമ്മാക്കുലേറ്റിന്റെ വർണ്ണശലഭങ്ങൾ, പ്രത്യാശയുടെയും, സർഗ്ഗാത്മകതയുടെയും പൊൻചിറകുകൾ വിരിച്ച് അനന്തവിഹായസ്സിലേയ്ക്ക് പറന്നുയരാൻ വെമ്പൽ കൊള്ളുന്നു.

അതിന്റെ ഉത്തമ ദൃഷ്ടാന്തമാണ് ജനുവരി 19' ബഷീർ ദിനത്തിൽ 'ലിറ്റിൽ കൈറ്റ്സിലെ കൊച്ചുകൂട്ടുകാർ തയ്യാറാക്കിയ ഡിജിറ്റൽ മാഗസിൻ . പാഠങ്ങൾ വിശകലനം ചെയ്യാനും അതിനപ്പുറത്തേക്ക് തന്റെ ചിന്താമണ്ഡലം വ്യാപിപ്പിക്കാനും കഴിയുന്ന പ്രതിഭകളുടെ സർഗ്ഗാത്മക വ്യാപാരങ്ങളുടെ സമഞ്ജസമാണ് . സാങ്കേതിക മികവുകൾ പരമാവധി പ്രയോജനപ്പെടുത്തി തയാറാക്കിയ ഈ മാഗസിൻ. നൂതന തലമുറയുടെ വിസ്മയപ്രപഞ്ചം നമുക്കെന്നും പ്രചോദനമാകട്ടെ. പ്രത്യേകിച്ച് ബഷീർ ജന്മദിനത്തിൽ അദ്ദേഹത്തോടുള്ള ആദരവിന്റെയും സ്നേഹത്തിന്റെയും ഒരു സ്മരണികയാവട്ടെ ഈ മാഗസിൻ.



## സന്ദേശം

പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കൈറ്റ് രൂപപെടുത്തിയ ഹൈസ്ക്കൂൾ കുട്ടികളുടെ ഐ ടി കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ് . ഗ്രാഫിക്സ് & അനിമേഷൻ,സ്ക്രാച്ച് പ്രോഗ്രാമിങ്,പൈത്തൺ പ്രോഗ്രാമിങ്,മൊബൈൽ ആപ്പ് നിർമ്മാണം,മലയാളം കമ്പ്യൂട്ടിങ്,റോബോട്ടിക്സ്,ഇലക്ട്രോണിക്സ് എന്നിങ്ങനെ വിവിധ മേഖലകളിൽ കുട്ടികൾ പ്രാവിണ്യം നേടിക്കഴിഞ്ഞു.ആലപ്പുഴ ജില്ലയിൽ ഈ പ്രവർത്തനങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന "മേരി ഇമ്മാക്കുലേറ്റ് ഹൈസ്ക്കൂളിന്റെ" ആഭിമുഖ്യത്തിൽ വിശ്വ സാഹിത്യകാരൻ ശ്രീ.വൈക്കം മുഹമ്മദ് ബഷീറിന്റെ ജന്മദിനമായ ജനുവരി 19 ന് ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നവിവരം അറിഞ്ഞതിൽ സന്തോഷം.

കുട്ടികളുടേയും അദ്ധ്യാപക-അദ്ധ്യാപകേതര ജീവനക്കാരുടേയും അഭ്യുദയകാംക്ഷികളുടേയും ഭാവനാ ശ്രേഷ്ഠമായ ഈ സദുദ്യമത്തിന് എല്ലാവിധ ഭാവുകങ്ങളും ആശംസിക്കുന്നു.മഹത്തായ ഈ സംരഭത്തിന് പിന്നിൽ പ്രവർത്തിച്ച  പ്രഥമാധ്യാപികയ്ക്കും, കൈറ്റ് മിസ്ട്രെസുമാർക്കും, കുട്ടികൾക്കും ആലപ്പുഴ കൈറ്റിന്റെ അഭിനന്ദനങ്ങൾ അറിയിച്ചുകൊണ്ട്...........

ഒത്തിരി ഒത്തിരി സ്നേഹത്തോടെ,

ഋഷി നടരാജൻ
മാസ്റ്റർ ട്രെയിനർ
ആലപ്പുഴ



അനിമോൾ . കെ . എൻ
എഡിറ്റർ

# മാറ്റൊലി........

ഒരു വാക്കും വെറുതെയല്ലെന്നു പറയാറുണ്ട്.......

ഒരു വാക്കിൽ നിന്ന് ഒത്തിരി

വാക്കുകൾ.....വാചകങ്ങൾ......കഥകൾ.....കവിതകൾ

അങ്ങനെയങ്ങനെ.......

നമ്മുടെ കുട്ടുകാരുടെ ഉള്ളിലുമുണ്ട് വാക്കുകളുടെ വലിയ പൂന്തോട്ടങ്ങൾ. ജനുവരി 19 ബഷീർ ജന്മദിനത്തിൽ കഥയായും കവിതയായും ചിന്തകളായും വിടർന്ന വാക്കുകളുടെ പൂക്കളെ നിങ്ങൾക്കായി സമർപ്പിക്കുന്നു. ഇത് നമ്മുടെ സർഗ്ഗാത്മകതയുടെ പൂങ്കാവനമാണ്. അതിൽ നിന്നും നിറവും മണവും പരക്കട്ടെ.........

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് 2018-19

| കൈറ്റ് മിസ്ട്രസ് 1 | കൈറ്റ് മിസ്ട്രസ് 2 |
|---|---|
| ലിൻസി ജോർജ്ജ് | സുമിമോൾ കെ.എസ്സ് |
|  |  |

# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ



# വൈക്കം മുഹമ്മദ് ബഷീർ

മലയാള നോവലിസ്റ്റും സ്വാതന്ത്ര്യ സമരപോരാളിയുമായിരുന്നു. ബേപ്പൂർ സുൽത്താൻ എന്ന് അറിയപ്പെടുന്ന വൈക്കം മുഹമ്മദ് ബഷീർ. വൈക്കത്തെ തലയോലപ്പറമ്പിൽ ജനിച്ചു. കോഴിക്കോട് ജില്ലയിലാണ് അദ്ദേഹത്തിന്റെ മരണം. 1982 ഇന്ത്യാ ഗവൺമെന്റ് പത്മശ്രീ പുരസ്കാരം നൽകി ആദരിച്ചു. ആധുനിക മലയാള സാഹിത്യത്തിൽ ഏറ്റവുമധികം വായിക്കപ്പെട്ട ഒരാളായി വിശേഷിപ്പിക്കപ്പെട്ടു. ജനകീയമായ എഴുത്തുകാരനാണ് ബഷീർ.

----- അമ്മു വിജി(9 E)

# പാത്തുമ്മയുടെ ആട്  – ആസ്വാദനം

വൈക്കം മുഹമ്മദ് ബഷീറിന്റെ വളരെ പ്രസിദ്ധമായ ഒരു നോവലാണ് പാത്തുമ്മയുടെ ആട് . 1 9 5 9 -ൽ പ്രസിദ്ധീകരിച്ച ഈ നോവലിന് 'പെണ്ണുങ്ങളുടെ ബുദ്ധി ' എന്ന ഒരു പേര് നിർദ്ദേശിച്ചിരുന്നു. തന്നെ അലട്ടിയിരുന്ന മാനസിക അസുഖത്തിന് ചികിത്സയും വിശ്രമമായി വൈക്കത്തിനടുത്ത് തലയോലപ്പറമ്പിലുള്ള  തന്റെ കുടുംബവീട്ടിൽ കഴിയവേ 1 9 5 4  -ൽ  ആണ് ബഷീർ ഇത് എഴുതുന്നത്.

നോവലിലെ പ്രധാന  കഥാപാത്രമാണ് പാത്തുമ്മ . പേര് സൂചിപ്പിക്കും പോലെ ഈ പാത്തുമ്മയുടെ ആടിനെ ചുറ്റിപ്പറ്റിയാണ് നോവലിൽ കഥയുടെ കിടപ്പ്.

ബഷീറിന്റെ രണ്ട് സഹോദരിമാരിൽ മൂത്തത് പാത്തുമ്മയാണ്. പാത്തുമ്മയ്ക്കും ഭർത്താവ് കൊച്ചുണ്ണിക്കും ഖദീജ എന്നൊരു മകളുണ്ട്. ബഷീറിന്റെ സഹോദരിമാരിൽ തറവാട്ടിൽ നിന്ന് മാറി താമസിക്കുന്നത് പാത്തുമ്മ മാത്രമാണ്. എങ്കിലും എല്ലാ ദിവസവും രാത്രി തന്നെ മകളെയും കൂട്ടി തറവാട്ടിലെത്തും .അവരുടെ വരവ് ഒരു സ്റ്റൈലിലാണ് എന്നാണ് ബഷീർ പറയുന്നത്. പാത്തുമ്മ ഇപ്പോഴും പറയുന്ന ഒരു വാചകമുണ്ട്." എന്റെ ആട് പെറട്ടെ, അപ്പേ കാണാം " പാത്തുമ്മയ്ക്ക് കാര്യമായ വിദ്യാഭ്യാസമൊന്നുമില്ല. എങ്കിലും കുടുംബത്തിന്റെ വളർച്ചയ്ക്ക് വേണ്ടി കഠിനാധ്വാനം ചെയ്യുന്ന ഒരു സ്ത്രീയാണവർ.

പാത്തുമ്മ പറഞ്ഞിരുന്നത് പോലെ ഒരിക്കൽ പാത്തുമ്മയുടെ ആട് പെറ്റു . ആട്ടിൻ പാൽ വിറ്റു കിട്ടുന്ന പണം കൊണ്ട് വീടിന്റെ വാതിൽ ഉൾപ്പെടെ പലതും ചെയ്യണമെന്ന് പാത്തുമ്മ വിചാരിച്ചിരുന്നു.

പക്ഷേ തന്റെ കുടുംബക്കാർക്ക് വേണ്ടി ആടിന്റെ പാൽ കൈക്കൂലിയായി പാത്തുമ്മയ്ക്ക് ഉപയോഗിക്കേണ്ടി വന്നു. ഒരിക്കൽ ബഷീറിനെ തന്റെ വീട്ടിലേക്ക് ക്ഷണിച്ചിരുന്നു. പത്തിരിയും കരൾ വരട്ടിയതും വെച്ച് നൽകിയിരുന്നു. എന്നാൽ പാത്തുമ്മയുടെ മറ്റു സഹോദരങ്ങൾക്ക് ഇത് സഹിക്കാൻ പറ്റുന്നില്ല. പാത്തുമ്മയുടെ ഭർത്താവ് അവർക്ക് കടപ്പെട്ടിരുന്ന പണത്തിന്റെ പേരിൽ കേസ് നൽകുമെന്ന് പറഞ്ഞു സഹോദരങ്ങൾ ഭീഷണിപ്പെടുത്തി. അങ്ങനെയാണ് പാത്തുമ്മയ്ക്ക് കൈക്കൂലിയായി കിട്ടുന്ന പാലിന് പുറമെ പാത്തുമ്മ അറിയാതെ ആടിന്റെ പാൽ അവർ കറന്നെടുക്കുകയും ചെയ്തിരുന്നു.

--------അന്ന ജോജി

# എന്റെ ബാല്യം

ആരോ പൂർണ്ണമായി എഴുതാതെ നിർത്തിയ
കവിതയിൽ ബാല്യം തിരഞ്ഞു ഞാൻ
ആ കവിതയിൽ താരാട്ട് പാട്ടുണ്ട്

എന്റ ബാല്യകുസൃതിയിൽ മുട്ടിട്ട
ചെടിയിലെ പൂവിതളാണെന്റെ ബാല്യം
തുള്ളി തുളുമ്പുന്ന വെള്ളാരം കല്ലിന്റെ
വെള്ളി സമ്മാനിച്ച ബാല്യം

താമര മോഹിച്ച് പൊയ്കയിൽ എത്തിയ
കുസൃതി കുരുന്നിന്റെ ബാല്യം
ഞെട്ടറ്റ താമര തഴുകി തലോടുന്ന
തളിരോർമയാണെന്റെ ബാല്യം

ഈണം തുളുമ്പുന്ന തമ്പുരു മീട്ടി എൻ
ഓർമയിൽ എത്തുന്ന ബാല്യം
കവിതയിൽ കവിതയായ മുത്ത് പൊഴിക്കുന്ന
മുത്തിളം തെന്നൽ പോൽ ബാല്യം

ആദ്യമായി മനസ്സിൽ കുറിച്ചിട്ട കവിതയിൽ
വിത്ത് വിതച്ചൊരെൻ ബാല്യം
ഈ കവിതയിൽ ഞാൻ കണ്ടെത്തി
ഏറെ നാൾ തേടി നടന്നൊരെൻ ബാല്യം

---- ഐശ്വര്യ . എസ് ബാബു

# തേനീച്ചയുണ്ട് സൂക്ഷിക്കുക

ചിന്നൻ ചുണ്ടെലി മോഹിച്ച് മോഹിച്ച് ഒരു പൂന്തോട്ടമുണ്ടാക്കി. എന്തെല്ലാം ചെടികളാണെന്നോ അതിൽ! റോസ്, മുല്ല, പിച്ചകം കണ്ടാൽ ആരും കൊതിച്ചു പോകും. വേലി കെട്ടാനുള്ള സാധനങ്ങൾ വാങ്ങാൻ ചിന്നൻ ചന്തയിലേക്ക് പോയി. ആ തക്കം നോക്കി അയലത്തെ വീട്ടിലെ പെൺകുട്ടികൾ തോട്ടത്തിൽ കടന്നു. ചിന്നൻ വന്നു നോക്കിയപ്പോഴോ?.......... പൂക്കൾ പാതിയും പിള്ളേരറുത്തെടുത്തിരിക്കുന്നു. അവനു ദേഷ്യം വന്നു. തന്റെ തോട്ടത്തിലെ പൂക്കൾ ആരോടു ചോദിച്ചിട്ടാണവർ........ഇതിനൊഴു വഴി കണ്ടെത്തിയേ പറ്റു.

വേലി കെട്ടിയാലും എങ്ങിനേയും ഇവർ അകത്ത് കടക്കും. എന്താണൊരു മാർഗ്ഗം? അവൻ തല പുകഞ്ഞ് ആലോചിച്ചു. ഒടുവിൽ തന്റെ സുഹൃത്തായ കറുമ്പികാക്കയെ ചെന്നു കാണാൻ തിരുമാനിച്ചു. വിവരമറിഞ്ഞ കറുമ്പികാക്ക പറഞ്ഞു. വിഷമിക്കണ്ട. എന്റെ സുഹൃത്ത് മൂളൻ തേനീച്ചയും സംഘവും ഒരു കൂടു കൂട്ടാനുള്ള ശ്രമത്തിലാണിപ്പോൾ . പറ്റിയ സ്ഥലം അന്വേഷിച്ചു നടക്കുകയാണ്. നിന്റെ പൂന്തോട്ടത്തിലെ മരത്തിൽ കൂടു കൂട്ടാൻ പറയാം. പൂന്തോട്ടത്തിനുള്ളിൽ കയറുന്നവരെ അവർ ശരിയാക്കിക്കൊള്ളും.

കാക്കച്ചിയുടെ ആശയം മൂളന് സ്വീകാര്യമായി. അവൻ മൂളനെ കണ്ടു വിവരം പറഞ്ഞു. അങ്ങനെ മൂളാനും സംഘവും ചിന്നന്റെ തോട്ടത്തിൽ താമസമാക്കി. ചിന്നൻ വേലിയും കെട്ടി. തോട്ടത്തിനു മുൻപിൽ ഒരു ബോർഡും വെച്ചു. "തേനീച്ചയുണ്ട് സൂക്ഷിക്കുക.".

പിന്നീട് പെൺകുട്ടികൾ തോട്ടത്തിൽ കടന്നു. ബോർഡിൽ കണ്ടത് കാര്യമാക്കിയില്ല. പൂവിറുക്കാൻ തുനിഞ്ഞതും തേനീച്ചകൾ പാഞ്ഞെത്തി. അവർ ജീവനും കൊണ്ടോടി. പിന്നീടാരും പൂന്തോട്ടത്തിൽ കയറിയിട്ടില്ല .

# ഫെയ്സ് ബുക്ക്

ഫെയ്സ് ബുക്ക് ഇത് സൗഹൃദമോ

പൊയ്മുഖത്തിൻ മാറാലയോ

പോയകാലത്തിൻ സംഭവനയോ?

പുതുമകൾ തൻ കൽപ്പനയോ

കുറുനരികൾ തൻ കണ്ണോ

ഹൃദയം പൊട്ടും വികാരമോ

സിരകൾ തൻ സംഗമമോ

പങ്കുവയ്ക്കലിൻ നെറ്റ്‌വർക്കോ

പകതീർക്കലിൻ പാതാളമോ

ബന്ദികളുടെ ബാരിക്കേഡോ

ഇതു ചങ്ങാതി തൻ കണ്ണാടിയോ

കണ്ണില്ലാത്ത ചതിയനോ

---------രേവതി . വി(9A)

# ഉണ്ണിക്കുട്ടന്റെ കുസൃതി

ഉണ്ണിക്കുട്ടൻ മൂന്നാം ക്ലാസിൽ പഠിക്കുന്നു. ആള് വല്യ കുസൃതിക്കാരനാണ്. എപ്പോഴും ആരെയെങ്കിലും ഉപദ്രവിച്ച കൊണ്ടിരിക്കും. ഒരു ദിവസം ഉണ്ണിക്കുട്ടൻ സ്കൂളിൽ പോകുന്ന വഴിക്ക് ഒരു കുരുവിക്കൂടും രണ്ട കുരുവി മുട്ടയും കണ്ടു. കുസൃതികുട്ടൻ അത് വെറുതെ വിടുമോ?

അവൻ കൂട് എറിഞ്ഞു വീഴ്ത്തി , രണ്ട മുട്ടയും പൊട്ടിച്ചു. കുരുവി വന്നപ്പോഴേയ്ക്കും മുട്ട രണ്ടും പൊട്ടിയിരുന്നു. സങ്കടം സഹിയ്ക്ക വയ്യാതെ കുരുവി പൊട്ടിക്കരഞ്ഞു. ഉണ്ണിക്കുട്ടൻ അത് ശ്രദ്ധിക്കാതെ സ്കൂളിൽ പോയി. വൈകുന്നേരം ഉണ്ണിക്കുട്ടൻ കാട് വഴിയാണ് സ്കൂളിൽ നിന്ന് വീട്ടിലേയ്ക്ക പോന്നത്. ഉണ്ണിക്കുട്ടനു ഒരബദ്ധം പറ്റി. ആനയെ പിടിക്കാൻ പാപ്പാൻ കുഴിച്ച കുഴിയിൽ കുസൃതി കുട്ടൻ അറിയാതെ ചെന്ന് വീണു.നേരമിരുട്ടി തുടങ്ങി. പാവത്തിന് കുഴിയിൽ നിന്നും കയറാൻ സാധിച്ചില്ല. ഉണ്ണിക്കുട്ടനെ തിരക്കി അച്ഛനും അമ്മയും ഒടുവിൽ കാട്ടിലെത്തി. അമ്മയെ കണ്ടപ്പോൾ ഉണ്ണിക്കുട്ടൻ പൊട്ടിക്കരഞ്ഞു. അമ്മയോ കരഞ്ഞുകൊണ്ട് ഉണ്ണിക്കുട്ടനെ കെട്ടിപിടിച്ചൊരുമ്മ കൊടുത്തു. അപ്പോഴാണ് പാവത്തിന് അമ്മയും മക്കളും തമ്മിലുള്ള സ്നേഹം എത്രത്തോളമാണെന്ന് മനസിലായത് . ഉണ്ണിക്കുട്ടൻ കുരുവിയെ ഓർത്ത് ഒത്തിരി കരഞ്ഞു. പിന്നീട് അവൻ നല്ല കുട്ടിയായി മാറി.

.....അമിതാ വർഗീസ് (10 B )



അലൻ . പി ഡൊമിനിക്

# സ്നേഹനിധിയാണമ്മ

പാലൊളി ചന്ദ്രിക തഴുകി തലോടുന്ന
പൽ നിലാവാണെന്റയമ്മ
തൂമഞ്ഞിൻ തുള്ളികൾ കാറ്റിലിളകുമ്പോൾ
കെട്ടി പുണരുമെന്നമ്മ
കുളിർക്കാറ്റിൻ പുതുവെയിൽ തഴുകി-
യെത്തുന്നപോൽ പുളകമണിയിക്കുന്നമ്മ
ഒരു കോടി സ്നേഹത്താൽ നറുചുംബനം
നൽകി പുളകമണിയിക്കുന്നമ്മ
ഉള്ളിന്റെ ഉള്ളിലെ ഹൃത്തിൽനിന്നുയരുന്ന
ഹൃദയ സ്പന്ദനങ്ങളായി 'അമ്മ
സ്നേഹത്തിൻ സന്ദേശം എന്നിൽ ചൊ-
രിഞ്ഞിടും സ്നേഹദേവതയാണെന്നമ്മ
ഓർമ്മിച്ചിടുമ്പോൾ എന്നുള്ളിൽ തെളിയുന്ന
അമ്മതൻ പൂർണേന്ദു വിരിയുന്ന മന്ദഹാസം
ഒരു പുണ്യ ക്ഷേത്രത്തിൽ കോവിലകത്തിലെ
ദേവിയായി എന്നെന്നും അമ്മ
പുതുമഴ പോലെന്റെ ഹൃത്തിൽ പതിഞ്ഞൊരാ
തളിരോർമ്മയാണെന്റെ അമ്മ
കളിചിരിയോടെന്നും തൊട്ടുണർത്തീടുന്ന
സ്നേഹത്തിൻ സ്പർശമായി അമ്മ
അവസാന നേരത്തെൻ മനതാരിൽ
നിറയുന്ന സുകൃത സ്വരൂപമാണെനമ്മ
എന്നും പുണ്യ പ്രശോഭയാണമ്മ.....

------ഐശ്വര്യ കുഞ്ഞുമോൻ

# ആസ്വാദനക്കുറിപ്പ്

## പുതുവർഷം--വിജയലക്ഷമി

പുതുവർഷം എന്ന വിജയലക്ഷ്മിയുടെ കവിത വിജയലക്ഷ്മിയുടെതന്നെ മറ്റ് ഓണക്കവിതകളിൽ നിന്ന് തികച്ചും വ്യത്യസ്തമാണ് . നിരവധി വൈരുദ്ധ്യങ്ങളെ ഏകോപിപ്പിച്ചുകൊണ്ടാണ് കവിത നിലനിൽക്കുന്നത്.

നന്മ – തിന്മ, ഗ്രാമം - നഗരം, അമ്മ – അനാഥത്വം, ആനന്ദം – ആകുലത, ബാല്യം - യൗവനം, ഓർമ്മ – വർത്തമാനം എന്നിങ്ങനെയുള്ള ദ്വന്ദ്വങ്ങളിലൂടെ ഓണത്തെയും അമ്മയെയും അവിഷ്കരിക്കാനുള്ള ശ്രമമാണ് പുതുവർഷം. യഥാർഥത്തിൽ പുതുവർഷം ഓണക്കവിതയല്ലാ അമ്മക്കവിതയാണെന്നു പറയാം. അമ്മ ഒരു ബിംബമായി ഈ കവിതയിൽ ആവിഷ്കരിക്കപ്പെടുന്നു. അമ്മ – നന്മ, അമ്മ – ഓണം, അമ്മ - സത്യം, അമ്മ – ആനന്ദം, അമ്മ – ഗ്രാമീണത, അമ്മ – യഥാർഥ്യം, അമ്മ – രുമ്പ എന്നിങ്ങനെ അമ്മവിശുദ്ധിയുടെ പ്രതിനിധാന ജാലംതന്നെ തീർക്കുന്നുണ്ട് കവയിത്രി. അമ്മ പറഞ്ഞതിനപ്പുറം മറ്റൊന്നുമില്ലാതിരുന്ന ഒരു ബാല്യകാലത്തിന്റെ സ്മരണകളിൽനിന്നാണ് കവിത ആരംഭിക്കുന്നത്. അമ്മയുടെ ശാസനയേറ്റ് നടന്ന കാലത്ത് അപ്പുറമായി അമ്മയുടെ പറച്ചിലുകളിൽനിന്ന് മകൾ തന്റെ ഓണസങ്കല്പത്തെ നെയ്തെടുക്കുകയാണ്. ആ സങ്കല്പവും ഓണത്തിൽ ജീവിച്ച അവളുടെ യഥാർഥ്യവും തമ്മിൽ കുട്ടിക്കാലത്ത് കാര്യമായ അന്തരമൊന്നും അവർക്ക് തോന്നുന്നില്ല. അമ്മ നൽകിയ സങ്കല്പവും മകൾ നുകർന്ന അനുഭവവും തമ്മിൽ ഇവിടെ സംഘർഷത്തിലാവുന്നേയില്ല. കേൾവിയും അനുഭാവവും തമ്മിൽ വന്നു ഭവിക്കാനിടയുള്ള വൈരുദ്ധ്യങ്ങൾ സംഭവിക്കുന്നേയില്ല. അങ്ങനെ അമ്മ

സത്യത്തിന്റയും യാഥാർഥ്യത്തിന്റയും ദീപമായി ആദ്യമേ തെളിയുകയാണ്. എന്നാൽ മുതിർന്നപ്പോൾ ഈ അവസ്ഥമാറുന്നു. അമ്മബിംബത്തെ പലവിധം പൊലിപ്പിച്ചെടുക്കാനുള്ള ശ്രമമാണ് ഈ കവിത. അമ്മബിംബങ്ങളുടെ നടനരംഗമായി കവിത പരിണമിക്കുന്നു.

അമ്മയുള്ള കാലത്തെ ബാല്യം,അമ്മയില്ലാത്ത യൗവനം, അമ്മയുള്ള കാലത്തെ ആഹ്ലാദം, ഇല്ലാത്ത കാലത്തെ ആകുലത, അമ്മയുള്ളതിന്റെ നന്മ, ഇല്ലാതിരുന്നതിന്റെ വിരസത, അമ്മക്കാലത്തെ ഓണം, ഇല്ലാത്ത കാലത്തിന്റെ ഓർമ ഇങ്ങനെ പലവിധ ചിത്രങ്ങൾ കവയിത്രി നിർമിച്ചെടുക്കുന്നു. "മുറ്റത്തിനൈശ്വര്യം ചാർത്തുമപ്പൂക്കളോടോപ്പമെന്നമ്മയും തുമ്പപോലെ താഴത്തെ ഇത്തിരിമണ്ണിൽ വിനിതയാം പാവത്തെ തുമ്പയെ കണ്ടുനിൽക്കേ വേദനിപ്പിക്കാത്തൊരമ്മതൻ നിശബ്ദവേപഥുവാർന്ന മുഖം സ്മരിപ്പൂ". എന്നീ ബിംബ ചിത്രീകരണം അമ്മയ്ക്കും ചുറ്റും വിവിധ ഭാവ മണ്ഡലങ്ങൾ സൃഷ്ടിക്കാൻ പര്യാപ്തമാണ്. പരിത്യജിക്കപ്പെട്ട നിർഗന്ധ പുഷ്പമാണ് തുമ്പ എന്നുപറഞ്ഞുകൊണ്ടു സമൂഹികമായ ഒരു അധ:സ്ഥിതാവസ്ഥയെ, ഒരു ബഹിഷ്കൃതനിലയെ തുമ്പയിലൂടെ പ്രതിനിധീകരിക്കുന്നുണ്ട്.

അമ്മയെ തുമ്പയോട് ഉപമിച്ച് അമ്മയും ഒരു തിരസ്കൃത വർഗമാണെന്ന സൂചനകൾ നൽകുകയാണ് കവയിത്രി. അമ്മയുടെ ഓർമകൾ തന്നെയും മഹിമയുടെ സൗവർണ്ണ സാന്നിധ്യമായി കവയിത്രി കരുതുന്നു. എല്ലാ അവിശുദ്ധതയ്ക്കും അമ്മയുടെ ഓർമയെ പകരംവെക്കുന്നു. "ഓണപ്പുലർച്ചയിൽ കുരിരുൾ നീക്കിയെൻ വീടിന്നകത്തമ്മവന്നുദിക്കും- മാലറ്റുപോകും വരും വർഷമക്ഷയശ്രീയാം വലതുകാൽ വച്ചുകേറും."

ഇങ്ങനെ കാല്പനികതയും ആധുനികതയും സമ്മേളിപ്പിച്ച ഉത്തരാധുനികമായി അമ്മ എന്ന നന്മബിംബത്തെ നിർമിച്ചെടുക്കുകയാണ് പുതുവർഷം എന്ന കവിതയിലൂടെ വിജയലക്ഷ്മി.

-----നീരജ് സുനിൽ (8 E)

# സൂര്യോദയം

വിണ്ണിന്റെ ഏതോ പ്രസവ മുറിക്കുള്ളിൽ

തിങ്കൾ പെൺകൊടി പെറ്റു വീണ

പെറ്റു വീണ കുഞ്ഞിൻ രോദനത്താൽ

നിദ്രയിലാണ്ട കിളികൾ പോലും

ഞെട്ടിയുണർന്നു തൻ കൊക്കിനാലെ

ഇമ്പമായി താരാട്ടു പാടി നിന്നു

അമ്പല തറയിലെ ആൽമരത്തിൽ

കടവാവലും നത്തും മയങ്ങിയപ്പോൾ

ആ കുഞ്ഞിൻ ആദ്യ ചിരികൾ മെല്ലെ

ഭൂമിയിൽ തങ്കം പോൽ മിന്നി നിന്നു

മണ്ണിന്റെ പൊന്നായ സൂര്യകാന്തി

കുഞ്ഞിനെ കണ്ണെടുക്കാതെ നോക്കി

ആര്യന്മാർ അന്നേരം അഗ്നിയാലേ

ആരതി കുഞ്ഞിൻ മുഖത്തുഴിഞ്ഞു

കത്തിജ്വലിക്കുന്ന തേജസ്സോടെ

അവൾ മർത്യനെ നോക്കി ചിരി തുടർന്നു.

-------അക്ഷയ ജലധരൻ

# സൗഹൃദം

സൗഹൃദ ചെപ്പു തുറക്കുമ്പോൾ

നിയെനിക്കു സമ്മാനിച്ച

ചെമ്പനീർ പൂവിൻ ഗന്ധമെന്നെ

സ്നേഹാർദ്രമായി തഴുകുന്നു......

നശ്വരമാം മലരുണങ്ങാം

പൂ മണമും മാറാം.......

നിമിഷങ്ങളിൽ ഇതൾ

കൊഴിയുന്ന  ജീവിതത്തിൽ

പവിത്രമാം  ഹൃദയ  ബന്ധത്താൽ

നമ്മളിൽ തളിർത്ത

വസന്താരാമത്തിൽ

വാസന  പൂക്കൾ

അനശ്വരമെന്നറിയുക

---- എറിൻ ക്ലാര മൈക്കിൾ

# ആസ്വാദനകുറിപ്പ്

# പ്രലോഭനം

മഹാഭാരതത്തിലെ നളോപാഖ്യാനം എന്ന ഉപകഥയെ അവലംബമാക്കി ഉണ്ണായിവാര്യർ രചിച്ച കൃതിയാണ് നളചരിതം ആട്ടക്കഥ. രണ്ടാം ദിവസത്തിലെ മൂന്നാംരംഗമാണ് "പ്രലോഭനം". മഹാഭാരതം ,വനപർവതം എന്നിതിലെ നളോപാഖ്യാനമാണ് നളചരിതം ആട്ടക്കഥയുടെ ഇതിവൃത്തമായി സ്വീകരിച്ചിട്ടുള്ളത്. സംസ്കൃതമാകുന്ന ചെമ്പും മലയാളമാകുന്ന വെളുത്തിയും ചേർന്ന് ഒരുക്കിയ വെങ്കല ഭാഷയാണ് നളചരിതത്തിൽ കാണുന്നത്. പദങ്ങൾ സംസ്കൃതത്തിലും ഉപയോഗിച്ച് കൊണ്ടും ശ്ലോകങ്ങൾ ലളിത മലയാളത്തിൽ ഉപയോഗിച്ച്കൊണ്ടും ഒരു പ്രേത്യേക ഭാഷാ രീതി അദ്ദേഹം സ്വീകരിക്കുന്നു.

കോപത്തിനും മത്സരത്തിനും വശംവദനായ കലി ദ്വപരനോടൊപ്പം ഭൂമിയിലെത്തി. പുഷ്കരനെ ജ്യേഷ്ഠന്റെ ധനം അപഹരിക്കാൻ പ്രേരിപ്പിക്കുന്നു. കലിയുടെ ചോദ്യങ്ങൾക്ക് മറുപടിയായി ഭൂലോകവാസികൾ നളനെ ചെന്ന് കാണും അവർക്ക് വേണ്ടത് നളൻ സാധിച്ച് കൊടുക്കും. രാജ്യചിഹ്നങ്ങൾ ഒന്നും നമുക്കില്ല. ശത്രുക്കളെ അമർച്ച ചെയ്യാൻ വൻപടയുമില്ല.ക്ഷത്രിയൻ എന്ന പേരു മാത്രമേ സ്വന്താമായിട്ടുള്ളൂ എന്റെയും നളന്റെയും കർമം വേറെ വേറെയാണെന്നും പുഷ്കരനെ കൊണ്ട് എന്ത് ഉപകാരമാണ് വേണ്ടതെന്നും ചോദിക്കുന്നതിലൂടെ അയാൾ മനസ്സിൽ ഒളിഞ്ഞിരിക്കുന്ന അസൂയയും നിസ്സാഹായതയും പ്രകടമാക്കുന്നു.

തങ്ങളുടെ പദ്ധതി വിജയിപ്പിക്കാൻ ഏറ്റവും പറ്റിയ മാനസികാവസ്ഥയാണ് പുഷ്കരൻ എന്ന് മനസ്സിലാക്കിയ കലി അയാൾക്ക് ആശയും ആവേശവും നൽകി പ്രലോഭിപ്പിക്കാൻ ശ്രമിക്കുന്നു. വെറുതെ ജീവിതം പാഴാക്കരുതെന്നും എന്റെ സഹായം ഉണ്ടെങ്കിൽ നിനക്ക് നേടിയെടുക്കാൻ പറ്റാത്തതായി ഒന്നുമില്ല. വീരസേന്റെ പുത്രനായ നളൻ ശത്രുവും നിനക്ക് മിത്രവുമാണ്. അവന്റെ രാജ്യവും നിനക്ക് ഞാൻ തരുന്നു. അതിനായി ധൈര്യമായി ചൂതാടാൻ തയ്യാറാവുക പറഞ്ഞ് പുഷ്കരനെ പ്രലോഭിപ്പിക്കുന്നു.

------മീര ബാബു(10b)

# കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ

* കുംഭത്തിൽ മഴ പെയ്താൽ , കുപ്പയിലും മാണിക്യം

* മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും

* മത്തൻ കുത്തിയാൽ കുമ്പളം മുളയ്ക്കുമോ

* സമ്പത്ത് കാലത്തു തൈ പത്തു വച്ചാൽ , ആപത്തു കാലത്തു കാ പത്തു തിന്നാം

* വിത്തുഗുണം പത്തു ഗുണം

* വിതച്ചതേ കൊയ്യൂ

* വാഴ നനഞ്ഞാൽ ചീരയും നനയും

* വിത്താഴം ചെന്നാൽ പത്തായം നിറയും

* ഞാറ്റുറച്ചാൽ ചോറ്റുറച്ചു

* പറിച്ചുനട്ടാലേ കരുത്ത് കൂടൂ

* കാതിരിന്മേൽ വളം വയ്ക്കരുത്

* ഉഴുന്ന കാള വിത്തെറിയരുത്

കണ്ടം വിറ്റ് കന്നിനെ വാങ്ങിയിട്ടെന്താ

* കോരി വിതച്ചാൽ കുറച്ചേ കൊയ്യൂ

# കലാലയ ജീവിതം

ഇന്നീ വിദ്യാലയ തിരുമുറ്റത്ത് നേടിയതു ഞാൻ

അനേകായിരം സൗഭാഗ്യം

എങ്കിലുമെൻ മനസ്സിന്റെയുള്ളിലാ തേങ്ങ-

ലിന്നും അണയാതെ കിടക്കുന്നു,

ഇന്നുമെന്നുള്ളിൽ കത്തിപടർന്നിട്ടും

ഓർമ്മയാമെൻ കലാലയ ജീവിതം

ആ കലാലയ ജീവിതം തീരവേ

ഞാനറിഞ്ഞുവെൻ ജീവിത നാളുകൾ

ധന്യമാക്കിയ പുണ്യാമാമെൻ സൗഹൃദം

എന്റെ ദുഃഖങ്ങളെ  പങ്ക-

വെക്കാൻ  ലഭിച്ചോരി മിത്രങ്ങൾ

എന്റെയുള്ളിലെ  ദുഃഖവിഷാദങ്ങൾ

അറുത്തകറ്റിടാൻ കഴിയുന്ന

പുണ്യങ്ങൾ  എങ്കിലും  ഞാനറിഞ്ഞില്ല

നാളിൻ എനിക്ക്  കിട്ടിയ  നിധിയാണെൻ

സൗഹൃദമാം സുഹൃത്തെന്ന്

ഇന്നീ കലാലയ ജീവിതത്തെ

അനശ്വരമാക്കിയ എന്റെ മിത്രങ്ങൾ

അവരാണ്  എന്റെ  ജീവന്റെ  തുടിപ്പ്

ഞാൻ ഇന്നുംമെന്നും ഓർക്കും

എന്റെ  ഈ  പുണ്യമാം  കലാലയ നാളുകൾ

..........അനപ്രിയ . എ 9F

# <u>മഴ</u>

മഴ പെയ്തിടുന്നിതാ മുറ്റം നിറയുന്നു.

വരികയെന്നുണ്ണി........

വന്നുകാണു........

മാനത്ത് കാർമുകിൽ ചിരി തൂവിനിൽക്കുന്നു.

വരികയെന്നുണ്ണി........

വന്നുകാണൂ.......

മാനത്ത് വാരിദം തമ്മിൽ പിണങ്ങുന്നു.

വരികയെന്നുണ്ണി........

വന്നുകാണു.....

മുറ്റത്ത് കപ്പലുകളോടികളിച്ചിടാൻ.

വരികയെന്നുണ്ണി വന്നുകാണു.

## മാഞ്ഞു പോയ സ്വപ്നം

മാഞ്ഞുപോയ കാലത്തിൻ
ഇന്നലകളെ ഞാനോർത്തു
അന്നുപെയ്ത തുലാമഴ
കണ്ടുപാടിയ പാട്ടിലലിഞ്ഞെൻ
ഹൃദയം വിതുമ്പിത്തേങ്ങി
തേടിയ തീരങ്ങളെ പോലെയെൻ
കനലുകൾ മനസ്സിലെരിഞ്ഞിടുന്നു
കാലങ്ങൾ മായ്ക്കാത്ത
സൗഹൃദം തേടിയലഞ്ഞു ഞാൻ........

- മേരി സാനിയ



അലൻ . പി ഡൊമിനിക്

## ലഹരി ആപത്ത്

മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും വിപത്തുകളെപ്പറ്റി എല്ലാവർക്കും അറിയാമല്ലോ. ഒരിക്കലും ഈ ആപത്തിലും പെട്ടുപോകരുത്. ശരിയല്ലാത്ത കൂട്ടുകെട്ടും ദുശീലങ്ങൾ വളർത്തുന്ന സാഹചര്യവും ഒഴിവാക്കണം. മദ്യവും മയക്കുമരുന്നും നിങ്ങളിലെ യഥാർത്ഥ വ്യക്തിത്വത്തെ ഇല്ലാതാക്കും. കഴിവുകളെ നശിപ്പിക്കും. സ്നേഹബന്ധങ്ങളും സാമൂഹികബന്ധങ്ങളും ഇല്ലാതാക്കും. മാതാപിതാക്കളെയും ഉറ്റമിത്രങ്ങളെയും വെറുപ്പിക്കും. സമൂഹം അകറ്റിനിർത്തുന്ന ഒരാൾക്ക് നാടിനുവേണ്ടി ഒന്നും ചെയ്യാനാവുകയില്ല. മയക്കുമരുന്നിനെതിരെയുള്ള പ്രവർത്തനത്തിന് നാം മുന്നിട്ടിറങ്ങണം. ചുറ്റുമുള്ള ആരെങ്കിലും തെറ്റായ വഴിയിൽ സഞ്ചരിക്കുന്നുവെന്ന് അറിഞ്ഞാൽ ആ വിവരം അധ്യാപകരോട് പറയാൻ മടിക്കരുത്.

കാലിടറാതെ മുന്നോട്ട്.

................മേരി ഷാലറ്റ് 9 D

# മഴ

ഉച്ച നേരത്തൊരു

കൊച്ചു മയക്കത്തിൽ

പിച്ച വച്ചെത്തിയ

കാർമുകിലേ

തല്ലിച്ചിതറുമാ

ചില്ലു കണക്കെയെൻ

മുന്നിലുൻമാദിനിയായി

പൊഴിഞ്ഞു

പൂക്കുന്ന തൈമാവിൽ

ചില്ലകളും നിരന്നാടുന്ന

കൈലതാ കൂട്ടങ്ങളും

കാറ്റിൽ ചാഞ്ചാടിയും

വയൽപ്പൂക്കളും

മഴപ്പെണ്ണിന്റെ  കുളിരേറ്റു

വാങ്ങുന്നുവോ

പുഴ മേഖല ഓളങ്ങൾ

അണയുന്നുവോ

മല മുകളിലെ

ഉറവയോടൊഴുകുന്നുവോ

നിന്റെ സ്വതിഗീതം

അലകളായ്

തഴുകിടുമ്പോൾ...........അതുൽ . പി ജോൺസൺ(8 B)

## മഴ

ഞാൻ കണ്ട ഏറ്റവും വലിയ പ്രതിഭാസം

പെയ്തിറങ്ങുന്ന ഓരോ മഴത്തുള്ളികളും

ഒരു പ്രതീക്ഷയുണ്ട്

തന്റെ വരവും കാത്തിരിക്കുന്ന

മണ്ണിനെ കെട്ടിപുണരാമെന്ന്

ഇതൊരുതരം പ്രണയമാണ്,തന്റെ വരവും

കാത്തിരിക്കുന്ന പ്രിയസഖിയെ ഒരുനോക്ക് കാണാൻ

ദൂരങ്ങൾ താണ്ടി മരച്ചില്ലകൾക്കിടയിലൂടെ

പെയ്തിറങ്ങുന്ന അത്ഥമത്തായ പ്രണയം

അവർക്ക് സാക്ഷിയായി ഇലകളും,പൂക്കളും അവർ

തമ്മിലൊന്നിക്കുന്നിടത്ത് കാർമേഘങ്ങൾ ഇല്ലാതാവുന്നു

-------സ്നേഹമോൾ . എസ് (9 E)

# പ്രകൃതിയുടെ മുന്നറിയിപ്പ്

കഴിഞ്ഞ കാലങ്ങളിൽ മഴയെ സ്നേഹിച്ചോർ
കഴിഞ്ഞ മഴക്കാലത്തെ വെറുക്കുന്നു.
കൊഴിഞ്ഞു വീണ മഴത്തുള്ളികൾ തൻ
കൊടും ക്രൂരത ഭയപ്പെടുത്തുന്നു.

ഭൂതകാലങ്ങളിൽ മഴയെ പ്രണയിച്ചോർ ഇന്ന്
മഴയെന്ന് കേട്ടാൽ വിറങ്ങലിച്ചീടുന്നു.
ഹേ! മർത്യാ, നിൻ അതിമോഹം
ധരിത്രിതൻ രോദനമായി മാറുന്നു.

എന്നു തീരും നിൻ കൊടും ക്രൂരത
എന്നു നിൽക്കും നിൻ മാത്സര്യം
എന്തിനിങ്ങനെ പ്രകൃതിയെ ദ്രോഹിക്കുന്നു.
എന്തിനിങ്ങനെ വസുന്ധരയെ കീറിടുന്നു.

കാടും മലകളും പാടവും പുഴയും
തോടും പച്ചപ്പാർന്ന പുൽമേടും
ശ്യാമസുന്ദര കേരനിരകളും
നിൻ ഗതകാല സ്മരണകളാൽ പൊൻകിരണമാവുന്നുവോ.

ഒന്നോർക്കുക നിൻ പൂർവികരെ
ഒന്നോർക്കുക നിൻ ഭാവിതലമുറയെ
എവിടെ പിഴച്ചു എന്നോർ-
ക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ഇനിയും ഉണർന്നില്ലെങ്കിൽ ഓർക്കുക
നിൻനാശം നിൻചാരെ....

-------Anoop V.S (8 B)

# കുടമുല്ല

പൗർണമി ചന്ദ്രന്റെ പൂനിലാ വെളിച്ചമെന്റെ
മേനിയിൽ തഴുകിയ നേരം ഞാൻ
മെല്ലെ കണ്ണുകൾ തുറന്നൊന്നു നോക്കിനാൽ
രാവിൽ കുടമുല്ല വിരിയുന്ന നേരം

മന്ദമായ് മന്ദമാരുതൻ വന്ന് വിളിച്ചപ്പോൾ
വാതിൽ തുറന്നുമെല്ലെ നാടൻ പെണ്ണിനെ പോൽ
നാണം കുണുങ്ങി വന്ന നറു മണവും
ഗന്ധർവ്വ ഗാനത്തോടെ ഒഴുകി വന്നു

മനസൊന്ന് മന്ത്രിച്ച കാതോന്ന് കാതോർത്തു
മധുരമാം ഗാനമൊന്ന് കേൾക്കുവാൻ
മിഴികൾ തിരഞ്ഞു മെല്ലെ മൊഴികൾ പറയുവാൻ
പൗർണമി ചന്ദ്രനെ കാണുവാൻ

കാർമേഘം വന്നതും മൂടിയ മാനത്ത്
ഏറെ തിരഞ്ഞിട്ടും കണ്ടില്ല ചന്ദ്രനെ
പൂനിലാ വെളിച്ചമില്ല കുടമുല്ല നിറം മങ്ങി
കുടമുല്ല ചെടി പിന്നെ പൂത്തതില്ല

-------അക്ഷയ ജലധരൻ

## ചെണ്ട

നീളൻ വയറുള്ള ചെണ്ട

മേളമുയർത്തുന്ന ചെണ്ട

താളം തകർക്കുന്ന ചെണ്ട

ആളെ വിളിക്കുന്ന ചെണ്ട

കോലടിവീഴുന്ന ചെണ്ട

കോരിത്തരിക്കുന്ന ചെണ്ട

## കൊക്ക്

വെള്ളയുടുപ്പിട്ട കള്ളി

വെള്ളത്തിൽ കണ്ണുള്ള കള്ളി

ഇരയെ കവരുന്ന കള്ളി

ഉടനെ പറക്കുന്ന കള്ളി

വയൽവക്കിൽ നിൽക്കുന്ന കള്ളി

വഴിയെന്തെന്നോർക്കുന്ന കള്ളി

-----ദീപക് .എ

# പളുങ്ക്

കാലങ്ങളെ നിങ്ങൾ എങ്ങോട്ടാ
ഓടി ഒളിക്കുന്നതെങ്ങോട്ടാ
ഒന്ന് നിന്നൊയായി ചൊല്ലാമോ
കൂരിരുൾ നീയൊന്നു മാറ്റാമോ

കണ്ണുകൾ രണ്ടും ഉണ്ടേലും
കാഴ്ചകൾ പോയ മനസു ഞങ്ങൾ
ഭൂമിയെ ചുറ്റി കാണുന്നു
കാഴ്ചകളില്ലാ ഉൾ കാഴ്ചകളിൽ

രണ്ടു പളുങ്കിൻ ഗോളങ്ങൾ
മാത്രമായി കണ്ണുകൾ മാറുമ്പോൾ
കാഴ്ചകൾ മൂടി മറയ്ക്കപ്പെട്ട
കാലങ്ങൾ ജീവിതം നീക്കുന്നു

മഴമേഘം തിങ്ങിയ തെളിവാനം പോലെ
മനസും വിതുമ്പി കരയുന്നു
എന്തിന് കാലമേ കണ്ണുകൾ തന്നിടും
കാഴ്ചയെ മൂടി മറച്ചു നീ
----അക്ഷയ ജലധരൻ

# ഇലകൊഴിയും ശിശിരം

മാമരങ്ങൾ താണ്ടി പർവ്വത-

നിരകൾക്കപ്പുറത്ത്.

ശിശിരമേഘ മഞ്ജുശലഭ

വർണ തീരങ്ങൾ ഉണർന്നു.

വിജനമാം പാതയിൽ

കൊഴിയുന്ന ഇതളുകൾ

തളിർക്കുന്ന മലരുകൾ

ഡിസംബറിലെ ഈ തണുപ്പുള്ള

രാത്രിയിൽ ചന്ദ്രനും ഭ്രമിക്കും

ഇടയിൽ താരങ്ങൾ സാക്ഷിയായി

വിരിയുന്ന പൂക്കൾ.

കൊഴിയുന്ന നാളെ

പൊലിയുന്ന ജീവിത

നിഴലിൽ തളിർക്കുന്ന

പുതു ജീവിതങ്ങൾ.------ആവണി ദിലീപ്


MARY IMMACULATE HIG
POOMKAVU


THANK YOU